Website: www.keralapsc.gov.in
e-mail: kpsc.psc@kerala.gov.in

Phone : 0471 – 2443068
F A X : 0471 - 2553485

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: R&A IV(2)7722/14/GW.

തിരുവനന്തപുരം,
തീയതി: 02.02.2016.

From

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

To 49

THE DIRECTOR
INSURANCE MEDICAL SERVICES DEPT.
THYCAUD
THIRUVANANTHAPURAM -14

സർ,

വിഷയം : കെ.പി.എസ്.സി - ഒഴിവുകൾ e-vacancy software മുഖാന്തിരം അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന : (1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ 01.12.2015-ലെ 14816/ഉപ. സി3/ 2015/ ഉ.ഭ.പ.വ. നമ്പർ പരിപത്രം.

(2) 04.01.2016-ൽ ബഹു. കമ്മീഷന്റെ 36A നമ്പർ തീരുമാനം.

******

സൂചന (1) ലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ടി സർക്കാർ പരിപത്രപ്രകാരം, വിവിധ വകുപ്പുകൾ തങ്ങളുടെ സ്ഥാപനങ്ങളിലെ ഒഴിവുകൾ, e-vacancy software മുഖാന്തിരം മാത്രം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. അപ്രകാരം ഒഴിവുകൾ അറിയിക്കുമ്പോൾ, ബന്ധപ്പെട്ട നിയമനാധികാരിയുടെ Digital signature ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. Digital signature ഇതുവരെയും നേടിയിട്ടില്ലാത്ത നിയമനാധികാരികൾക്ക്, e-mail മുഖാന്തിരമോ തപാൽ മുഖാന്തിരമോ ഒഴിവുകൾ അറിയിക്കുന്നതിന് 31.05.2016 വരെ സമയം അനുവദിച്ചുകൊണ്ട് കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ടി കാലയളവിനുള്ളിൽ നിയമനാധികാരികൾ Digital signature ആർജ്ജിക്കേണ്ടതും, 01.06.2016 മുതൽ e-vacancy software മുഖാന്തിരം മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

എസ്. എസ്. സുരേഷ്ബാബു
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിക്കു വേണ്ടി

NB: പി.എസ്.സി മുഖേന നിയമനം നടത്താത്ത വകുപ്പുകൾ /സ്ഥാപനങ്ങൾ/ കമ്പനികൾ/ കോർപ്പറേഷനുകൾക്ക് ഈ കത്ത് അവഗണിക്കാവുന്നതാണ്.